പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കണ്ടറി വിഭാഗം,
ന്യൂ ബിൽഡിംഗ്,ഡി.പി.ഐ.ജംഗ്ഷൻ,ജഗതി,
തിരുവനന്തപുരം-14
ഇ-മെയിൽ : ictcelldge@gmail.com

നംബർ. ICT Cell/1771/3/DGE_HSE/2026 **03/08/2026**

സർക്കുലർ

വിഷയം:മോഡൽ റെസിഡെൻഷ്യൽ സ്കൂൾ സപ്ലിമെൻററി അലോട്ട്മെൻറ് പ്രവേശനം :പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ

സൂചന :1) ഇതേ നമ്പറിൽ 29/07/2026 ലെ സർക്കുലർ.

2) 12/06/2026 ലെ ഇതേ നമ്പർ സർക്കുലർ

2026-27 അധ്യയന വർഷത്തെ ഹയർ സെക്കൻണ്ടറി പ്രവേശനത്തെ സംബന്ധിച്ചുള്ള വിശദ നിർദ്ദേശങ്ങൾ സൂചന 2 സർക്കുലറിലൂടെ പ്രിൻസിപ്പൽമാർക്ക് നല്കിയിട്ടുള്ളതാണ്.

മോഡൽ റെസിഡെൻഷ്യൽ സ്കൂളിലേയ്ക്കുള്ള വിവിധ അലോട്ട്മെൻറുകളിൽ അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർക്കും അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്കും സപ്ലിമെൻററി അലോട്ട്മെൻറിനായി അപേക്ഷിക്കാൻ **2026 ആഗസ്റ്റ് 1 ന്** വൈകിട്ട് 4 മണി വരെ അവസരം നൽകിയിരുന്നു. രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി ആകെ ഉണ്ടായിരുന്ന 392 വേക്കൻസിയിൽ പരിഗണിക്കുന്നതിനായി ലഭിച്ച 10 അപേക്ഷകൾ അലോട്ട്മെൻറിനായി പരിഗണിക്കുകയുണ്ടായി.. സംവരണ തത്വം അനുസരിച്ച് നിലവിൽ ഉണ്ടായിരുന്ന വേക്കൻസി വിവിധ കാറ്റഗറി സീറ്റുകളാക്കിയാണ് അലോട്ട്മെൻറിന് പരിഗണിച്ചിട്ടുള്ളത്.

സപ്ലിമെൻററി അലോട്ട്മെൻറ്പ്രകാരമുള്ള പ്രവേശനം 2026 ആഗസ്റ്റ് 4 ന് രാവിലെ 10 മണി മുതൽ ആഗസ്റ്റ് 5 ന് വൈകിട്ട് 4 മണി വരെ നടത്തേണ്ടതാണ്. അലോട്ട്മെൻറ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും സ്ഥിരപ്രവേശനം നേടണം.

അലോട്ട്മെൻറ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അലോട്ട്മെൻറ് ലെറ്റർ അഡ്മിൻ യൂസറിലെ **"Print Allotment Letter"**എന്ന മെനുവിലൂടെ പ്രിൻറ് എടുത്ത് പ്രവേശന സമയത്ത് നൽകേണ്ടതാണ്. അലോട്ട്മെൻറ് ലെറ്ററിലെ വിവരങ്ങൾ അസൽ രേഖകളുമായി ഒത്തു നോക്കി സാധുത ഉറപ്പാക്കി വേണം പ്രവേശനം നൽകേണ്ടത്.

പ്രവേശന വിവരങ്ങൾ അതത് ദിവസം തന്നെ രേഖപ്പെടുത്തണം. പ്രവേശനവിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ലിങ്കുകൾ **ADMIN** യൂസറിലാണ് ലഭ്യമാകുന്നത്. പ്രവേശന വിവരങ്ങൾ കൃത്യതയോടെ അതത് ദിവസം തന്നെ രേഖപ്പെടുത്തണം.

പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ നോൺ ജോയിനിങ്ങ് വിവരങ്ങൾ പ്രവേശനത്തിനായി അനുവദിച്ചിട്ടുള്ള സമയ പരിധിയുടെ അവസാന ദിവസമാണ് രേഖപ്പെടുത്തേണ്ടത്. എന്നാൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് ദിവസം തന്നെ രേഖപ്പെടുത്തണം. പ്രവേശനം നിരസിക്കുന്ന വിദ്യാർത്ഥികളെ **DENIAL** ആയി രേഖപ്പെടുത്തി നിരസിക്കാനുള്ള കാരണം രേഖപ്പെടുത്തണം. പ്രവേശന വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത ശേഷം പ്രിൻസിപ്പാളിന്റെ ലോഗിനിൽ (അഡ്മിൻ ലോഗിനിൽ) ലഭ്യമാക്കിയിട്ടുള്ള കൺഫർമേഷൻ ലിങ്കിലൂടെ 2026 ആഗസ്റ്റ് 5 ന് വൈകിട്ട് 5 മണിയ്ക്ക് മുൻപായി എല്ലാ കോഴ്സിനേറയും കൺഫർമേഷൻ പൂർത്തിയാക്കേണ്ടതാണ്.

ഏതെങ്കിലും തരത്തിലുള്ള പ്രാദേശിക അവധി ഉണ്ടാവുകയാണെങ്കിൽപ്പോലും പ്രവേശന നടപടികൾ തടസപ്പെടാതിരിക്കാൻ വേണ്ട ക്രമീകരണങ്ങൾ അതത് പ്രിൻസിപ്പൾമാർ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ(അക്കാഡമിക്)

ജോയിൻറ് ഡയറക്ടർ(അക്കാഡമിക്) ന് വേണ്ടി